"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് - വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിനായി മുട്ടക്കോഴികളെ വളർത്തുന്നതിനുള്ള പ്രോജക്ട്-നിബന്ധനകളോടെ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2460/2024/LSGD തീയതി,തിരുവനന്തപുരം, 13-12-2024

---

പരാമർശം:-

1. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03/02/2024-ലെ കത്ത്.
2. ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 19/01/2024-ലെ 1 (3) നമ്പർ തീരുമാനം.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 06/03/2024-ലെ 4.33 നമ്പർ തീരുമാനം.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് വനിതകളുടെ ഉന്നമനത്തിനായി സ്വയംതൊഴിൽ സംരഭം തുടങ്ങുന്നതിന് സഹായം എന്ന നിലയിൽ മുട്ടക്കോഴി വളർത്തുന്നതിനായി 2023-24-ൽ പദ്ധതി ഏറ്റെടുത്തിട്ടുള്ളതും ഈ വർഷം സ്പിൽ ഓവർ ആയി നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് . ഒരു വനിതാ ഗുണഭോക്താവിന് 120 ദിവസം പ്രായമായ 100 മുട്ടക്കോഴികളെ കെപ്‌കോയിൽ നിന്നും 450/- രൂപ നിരക്കിൽ വാങ്ങി നല്കുന്നതിനും, ആയതിൽ 225/- രൂപ (50 ശതമാനം) സബ്സിഡി നല്കുന്ന രീതിയിലുമാണ് പ്രോജക്ട് . 63000/- രൂപ ചെലവ് വരുന്ന കോഴിക്കൂട് MGNREGS മുഖേന നൽകും . ആകെ 300 ഗുണഭോക്താക്കളെ ലക്ഷ്യമിട്ടാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് . സബ്സിഡി നല്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ നൂതന പ്രോജക്ടുകൾക്കുവേണ്ടിയുള്ള ജില്ലാതല വിദഗ്ധ സമിതി അനുമതി നിരസിച്ചു. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പ്രോജക്ടുകൾ നടപ്പാക്കാൻ പ്രത്യേകാനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം ആവശ്യപ്പെട്ടു .

പരാമർശം (3) പ്രകാരം സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം കൂടി പരിഗണിച്ച് താഴെപ്പറയുന്ന നിബന്ധനകളോടെ മേല്പറഞ്ഞ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആദ്യഘട്ടമെന്ന നിലയിൽ ഒരു കുടുംബത്തിന് നല്കാവുന്ന മുട്ടക്കോഴികളുടെ എണ്ണം 50 ആയി

പരിമിതപ്പെടുത്തണം. ഉയർന്ന ഉല്പാദനക്ഷമതയുള്ള B.V 380 കോഴികളെ വിതരണം ചെയ്യണം. ഗുണമേന്മയുള്ള കോഴിത്തീറ്റ ഗുണഭോക്താവ് ഉറപ്പാക്കണം.
വനിതാ ഘടക പദ്ധതിയിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് എന്നതിനാൽ വനിതകൾ ഗൃഹനാഥയായവർ തന്നെയാണ് ഗുണഭോക്താക്കൾ എന്നുറപ്പാക്കണം. MGNREGS മുഖേനയോ ഗുണഭോക്താവ് നേരിട്ടോ കോഴിക്കൂടിന്റെ നിർമ്മാണം പൂർത്തിയാക്കിയെന്ന് കോഴികളെ നല്കുന്നതിന് മുമ്പുതന്നെ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഉല്പാദിപ്പിക്കുന്ന മുട്ടക്ക് വിപണന സൗകര്യം ഉറപ്പാക്കണം. കോഴിയുടെ കാഷ്ഠവും മറ്റ് മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനോ വിപണനം നടത്തുന്നതിനോ ക്രമീകരണം ഗുണഭോക്താവ് ഉറപ്പുവരുത്തണം. വരും വർഷങ്ങളിൽ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ ഗുണഭോക്താവ് വരുമാനത്തിൽ നിന്നുതന്നെ വഹിക്കാവുന്ന തരത്തിൽ പ്രോജക്ടിന്റെ സുസ്ഥിരത ഉറപ്പുവരുത്തണം.

സ.ഉ(എം.എസ്) നം. 45/2023/ധന തീയതി 10.03.2023 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് മുൻകൂറായി തുക അനുവദിക്കുന്നത് പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കാനിരുന്ന പദ്ധതി ആയതിനാൽ, ആയത് നടപ്പ് സാമ്പത്തിക വർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്തി പഞ്ചായത്ത് നടപ്പിലാക്കുന്നുണ്ടെങ്കിൽ, വനിതകളുടെ ഉന്നമനത്തിനായി സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് സഹായം നൽകുന്നതിനായാണ് മുട്ടക്കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കുന്നത് എന്നത് കണക്കിലെടുത്തുകൊണ്ടും, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പദ്ധതി നടപ്പിലാക്കുന്നതിനു അനുമതി നൽകിയിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, കെപ്കോയ്ക്ക് കോഴിവില മുൻകൂറായി നൽകിയാൽ മാത്രമേ ടി സ്ഥാപനം കോഴികളെ നൽകുകയുള്ളൂ എന്നത് പരിഗണിച്ചും, പദ്ധതി നിർവഹണത്തിനായി ലഭ്യമാക്കിയിരിക്കുന്ന സാമ്പത്തിക കണക്കുകൾ സമഗ്രമായി വിശകലനം ചെയ്യേണ്ടതാണെന്ന നിബന്ധനയോടെയും കെപ്കോയുടെ ട്രഷറി അക്കൌണ്ടിലേക്ക് അഡ്വാൻസ് തുക നൽകുന്നതിന് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട
സെക്രട്ടറി, ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
സ്റ്റേറ്റ് ഓഡിറ്റ് ഓഫീസർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്)/(എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 13-12-2024 16:18:09
സെക്ഷൻ ഓഫീസർ